2024
JANUARY
22
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## കേരളത്തിൽ 10,000 കേന്ദ്രങ്ങളിൽ ആഘോഷ പരിപാടികൾ, 50 ലക്ഷം വീടുകളിൽ ദീപം തെളിക്കും

**കൊച്ചി:** അയോധ്യയിലെ പ്രാണപ്രതിഷ്ഠയോട് അനുബന്ധിച്ച് കേരളത്തിൽ 10,000 കേന്ദ്രങ്ങളിൽ ശ്രീരാമ ജന്മഭൂമി ക്ഷേത്ര ട്രസ്റ്റിന്റെ നേതൃത്വത്തിൽ ആഘോഷ പരിപാടികൾ സംഘടിപ്പിക്കും. അതത് സ്ഥലങ്ങളിലെ വിവിധ ഹൈന്ദവ സംഘടനകളും ക്ഷേത്ര സമിതികളും ഒരുമിച്ചു ചേർന്നാണ് ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത്.

ക്ഷേത്ര സങ്കേതങ്ങളിലാണു പ്രധാനമായും ആഘോഷ പരിപാടികൾ. എല്ലാ സ്ഥലങ്ങളിലും അയോധ്യയിൽ നിന്നുള്ള പ്രാണ പ്രതിഷ്ഠയുടെ ചടങ്ങുകൾ തത്സമയം കാണുന്നതിനായി വലിയ സ്ക്രീനുകൾ ഒരുക്കി.

രാമായണ പാരായണം, ഭജന, നാമ സങ്കീർത്തനം, പ്രഭാഷണം, ശ്രീരാമ അഷ്ടോത്തര നാമാർച്ചന, ശ്രീരാമ വിജയ് മന്ത്രജപം, പുഷ്പാർച്ചന, കർസേവകരെ ആദരിക്കൽ, പ്രസാദ വിതരണം തുടങ്ങി വിവിധ പരിപാടികൾ ഇതിനോടനുബന്ധിച്ചു നടക്കും. പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലെല്ലാം പുലർച്ചെ മുതൽ പരിപാടികൾ ആരംഭിക്കും. മറ്റു സ്ഥലങ്ങളിൽ രാവിലെ 11 മുതലാണ് പരിപാടികൾ. വൈകിട്ട് 50 ലക്ഷം ഭവനങ്ങളിൽ ദീപങ്ങൾ തെളിക്കും.



# ശ്രീരാമക്ഷേത്രത്തിലെ പ്രാണപ്രതിഷ്ഠ ഇന്ന് 12.20ന്

**അയോധ്യ:** രാമമന്ത്രധ്വനി ഉയർത്തി അയോധ്യയിലെ ശ്രീരാമക്ഷേത്രത്തിൽ ഇന്നു പ്രാണപ്രതിഷ്ഠ. രാവിലെ 11.30ന് ആരംഭിക്കുന്ന താന്ത്രിക വിധിപ്രകാരമുള്ള ചടങ്ങുകൾക്കു ശേഷം 12.20ന് ആയിരിക്കും പ്രാണപ്രതിഷ്ഠ. ചടങ്ങിന്റെ ' മുഖ്യ യജമാനൻ' കൂടിയായ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നു രാവിലെ അയോധ്യയിലെത്തും.കാശിയിലെ പുരോഹിതൻ ലക്ഷ്മീകാന്ത് ദീക്ഷിതിന്റെ നേതൃത്വത്തിൽ നടന്ന അനുഷ്ഠാനച്ചടങ്ങുകൾ ഇന്നലെ പൂർത്തിയായി. വിവിധ പുണ്യതീർഥങ്ങളിൽ നിന്നുള്ള 114 കലശങ്ങളിലെ ജലമുപയോഗിച്ച് അഭിഷേകം നടന്നു. ഇന്നലെ ശയ്യാധിവാസത്തിനു കിടത്തിയ വിഗ്രഹത്തെ ഉണർത്താനുള്ള ജാഗരണ അധിവാസം പുലർച്ചെ ആരംഭിക്കും.

മൈസൂരുവിലെ ശിൽപി അരുൺ യോഗിരാജ് കൃഷ്ണശിലയിൽ തീർത്ത 51 ഇഞ്ച് വിഗ്രഹമാണു പ്രതിഷ്ഠ. 5 വയസ്സുള്ള ബാലനായ രാമന്റെ വിഗ്രഹമാണിത്. ഇതോടൊപ്പം ഇതുവരെ താൽക്കാലിക ക്ഷേത്രത്തിൽ ആരാധിച്ചിരുന്ന രാംലല്ല വിഗ്രഹമടക്കമുള്ളവയും പ്രതിഷ്ഠിച്ചിട്ടുണ്ട്. നാളെ മുതലാണു പൊതുജനങ്ങൾക്കു ദർശനം അനുവദിക്കുന്നത്.

പ്രധാനമന്ത്രി നരേന്ദ്ര മോദി, മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, ഗവർണർ ആനന്ദി ബെൻ പട്ടേൽ, ആർഎസ്എസ് അധ്യക്ഷൻ മോഹൻ ഭാഗവത്, ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ മഹന്ത് നൃത്യഗോപാൽ ദാസ് എന്നിവരാണു പ്രാണപ്രതിഷ്ഠാ സമയത്തു ശ്രീകോവിലിൽ ഉണ്ടാവുക. ചടങ്ങുകൾക്കു ശേഷം ഒരു മണിയോടെ പ്രധാനമന്ത്രി നരേന്ദ്ര മോദി അതിഥികളെ അഭിസംബോധന ചെയ്യും. 8000 പേർക്കാണു ചടങ്ങിലേക്കു ക്ഷണം. കേരളത്തിൽനിന്ന് പി.ടി.ഉഷയടക്കം 20 പ്രമുഖരും 22 സന്യാസിമാരും പങ്കെടുക്കും.

## 28 വർഷത്തിനു ശേഷം മിസ് വേൾഡ് മത്സരത്തിന് ആതിഥ്യമരുളാൻ ഇന്ത്യ

**ന്യൂഡൽഹി:** ലോക സുന്ദരികളുടെ സ്വപ്നമായ, ഇന്ദ്രനീലക്കല്ലു പതിച്ച കിരീടത്തിന് വേണ്ടിയുള്ള പോരാട്ടത്തിന് വേദിയാകാനൊരുങ്ങി ഇന്ത്യ. ഒരു മാസത്തോളം നീണ്ടു നിൽക്കുന്ന 71ാമത് ലോക സൗന്ദര്യമത്സരത്തിന് ന്യൂഡൽഹിയിലും മുംബൈയിലും അരങ്ങൊരുങ്ങും. മിസ് വേൾഡ് ചെയർമാൻ ജൂലിയ മോർലെയുടെ വാക്കുകൾ പങ്കുവച്ചുകൊണ്ട് മിസ് വേൾഡ് ഔദ്യോഗിക പേജാണ് ഇക്കാര്യം അറിയിച്ചത്. വേൾഡ് ടോപ് ഡിസൈനർ അവാർഡ്, മിസ് വേൾഡ് ടോപ് മോഡൽ, മിസ് വേൾഡ് സ്പോർട്സ് ചാലഞ്ച് തുടങ്ങിയ മത്സരങ്ങൾ ന്യൂഡൽഹിയിലും മുംബൈയിലുമായി അരങ്ങേറും. മത്സരത്തിലെ പ്രധാനപ്പെട്ട ബ്യൂട്ടി വിത് എ പർപസ് ചാലഞ്ച് ഫെബ്രുവരി 21ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിലായിരിക്കും നടക്കുക.

ഇന്ത്യ ടൂറിസം ഡെവലപ്മെന്റ് കോർപറേഷനാണ് പരിപാടികൾക്ക് തുടക്കം കുറിക്കുന്നത്. മുംബൈ ജിയോ വേൾഡ് കൺവെന!!ഷൻ സെന്ററിലായിരിക്കും മിസ് വേൾഡ് ഗ്രാൻഡ് ഫിനാലെ അരങ്ങേറുക. മാർച്ച് ഒൻപതിന് രാത്രി 7.30ന് ആരംഭിക്കുന്ന മത്സരം 10.30യോടെ അവസാനിക്കും. കഴിഞ്ഞ തവണ ലോക സുന്ദരി പട്ടം കരസ്ഥമാക്കിയ പോളണ്ട് സ്വദേശിനി കരോലിന വിജയിയെ കിരീടമണിയിക്കും.

1996 ബെംഗളൂരുവിലാണ് ഏറ്റവും ഒടുവിൽ ഇന്ത്യയിൽ ലോക സൗന്ദര്യ മത്സരം നടന്നത്. 88 മത്സരാർഥികളാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി അന്ന് മത്സരത്തിൽ പങ്കെടുത്തത്. ഗ്രീസിൽ നിന്നുള്ളള എറിൻ സ്ക്ലിവയായിരുന്നു അന്ന് സൗന്ദര്യ കിരീടം ചൂടിയത്.

120 രാജ്യങ്ങളിൽ നിന്ന് മത്സരാർഥികൾ പങ്കെടുക്കുന്ന സൗന്ദര്യ മത്സരത്തിൽ ഇത്തവണ ഇന്ത്യയെ പ്രതിനീധീകരിക്കുന്നത് കർണാടക സ്വദേശിനിയായ സിനി ഷെട്ടിയാണ്. നിരവധി പരസ്യ ചിത്രങ്ങളിൽ അഭിനയിച്ചിട്ടുള്ള സിനി ഷെട്ടി സമൂഹ മാധ്യമങ്ങളിലെ മിന്നും താരമാണ്. ഫിനാൻസ് അക്കൗണ്ടിങ്ങിൽ ബിരുദമെടുത്തിട്ടുള്ള സിനി ഭരതനാട്യം നർത്തകി കൂടിയാണ്. മുൻ മിസ് ഇന്ത്യ കർണാടക വിജയിയായിരുന്നു.

1951ൽ ടെലിവിഷൻ ഹോസ്റ്റായ എറിക് മോർലിയാണ് മിസ് വേൾഡ് മത്സരം ആരംഭിക്കുന്നത്. തുടക്കത്തിൽ ബിക്കിനി മത്സരമായിരുന്നു.

1950 മുതൽ മത്സരം ബിബിസി സംപ്രേഷണം ചെയ്തതോടെ മിസ് വേൾഡ് മത്സരം പോപ്പുലറായി. 196070 കാലഘട്ടത്തിൽ ബ്രിട്ടീഷ് ടെലിവിഷനിൽ ഏറ്റവുമധികം ആളുകൾ കാണുന്ന പരിപാടിയായിരുന്നു മിസ് വേൾഡ് മത്സരം. കോടികൾ വരുന്ന പ്രൈസ് മണിയാണ് വിജയിയെ കാത്തിരിക്കുന്നത്. ലോകമെങ്ങും നടക്കുന്ന പല ചടങ്ങുകളിലും പ്രത്യേക ക്ഷണം ലഭിക്കും. യാത്രകൾക്കായി വിമാന ടിക്കറ്റ്, താമസം, മനോഹരമായ ഡിസൈനർ വസ്ത്രങ്ങൾ, ആഭരണങ്ങൾ, പ്രമുഖ സ്റ്റൈലിസ്റ്റുമാരുടെ സേവനങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾ മിസ് വേൾഡായി ഇരിക്കുന്ന കാലയളവിൽ ഇവർക്ക് ലഭിക്കും





# വയലൻസ് മാത്രമല്ല സിനിമ : എം പത്മകുമാർ

**കുടുംബ പ്രേക്ഷകരുടെ ഇഷ്ടസംവിധായകരിൽ ഒരാളാണ് എം. പത്മകുമാർ. 2003 ൽ അമ്മക്കിളിക്കൂടിൽ സ്വതന്ത്ര സംവിധായകനായി ആരംഭിച്ച വെള്ളിത്തിരയിലെ യാത്ര അടുത്തിടെ പുറത്തിറങ്ങിയ ക്വീൻ എലിസബത്തിൽ വരെ എത്തി നിൽക്കുന്നു. 22 ലധികം ചിത്രങ്ങൾ ഇതുവരെ സംവിധാനം ചെയ്തു. ഇതിൽ മമ്മൂട്ടി,മോഹൻലാൽ,ജയറാം ഉൾപ്പെടെ സൂപ്പർ താര ചിത്രങ്ങളും ഉൾപ്പെടുന്നു. ചെയ്ത ചിത്രങ്ങളിൽ ഭൂരിഭാഗവും സൂപ്പർ ഹിറ്റ്. 36 വർഷം പിന്നിട്ട തന്റെ സിനിമാജീവിതത്തെക്കുറിച്ചും മലയാള സിനിമയിലെ മാറിമാറിവരുന്ന ട്രെൻഡുകളെക്കുറിച്ചുമെല്ലാം സൊസൈറ്റി ടുഡേയോട് മനസു തുറക്കുകയാണ് എം പത്മകുമാർ.**

**തുടക്കം ഹരിഹരന്റെ അസിസ്റ്റന്റായി**

പാലക്കാട് ജില്ലയിലെ മുണ്ടൂർ എന്ന ഗ്രാമം മലയാള ചലച്ചിത്രലോകത്തിന് സംഭാവന ചെയ്തതാണ് എം പത്മകുമാർ എന്ന സംവിധായകനെ. മുണ്ടൂർ കൃഷ്ണൻ കുട്ടി, മുണ്ടൂർ സേതുമാധവൻ എന്നിങ്ങനെയുള്ള പ്രമുഖരായ എഴുത്തുകാരെ സാഹിത്യലോകത്തിന് സമ്മാനിച്ചതല്ലാതെ മറ്റു വലിയ കലാ പാരമ്പര്യങ്ങൾ ഒന്നും വലിയ തോതിൽ അവകാശപ്പെടാനില്ലാത്ത ഗ്രാമം. ഇവിടെ നിന്നാണ് സിനിമാ മോഹവും പേറി പത്മകുമാർ എന്ന ചെറുപ്പക്കാരൻ ഇപ്പോൾ ചെന്നൈ എന്നറിയപ്പെടുന്ന മദ്രാസിലേക്ക് വണ്ടി കയറുന്നത്.തിരക്കഥാകൃത്താകണമെന്നായിരുന്നു മോഹം.മദ്രാസിലെത്തിയ പത്മകുമാറിന് സഹായമായി മാറിയത് അന്നത്തെ എഴുത്തുകാരനും നിർമ്മാതാവുമൊക്കെയായിരുന്ന ഡോ.ബാലകൃഷ്ണനായിരുന്നു. പത്മകുമാറിലെ പ്രതിഭയെ തിരിച്ചറിഞ്ഞ അദ്ദേഹമാണ് ഹരിഹരന് പരിചയപ്പെടുത്തിക്കൊടുക്കുന്നത്.1988 ൽ ആരണ്യകം എന്ന ചിത്രത്തിൽ സംവിധാന സഹായിയായി പത്മകുമാർ ഹരിഹരനൊപ്പം ചേർന്നു.വടക്കൻ വീരഗാഥ, ഒളിയമ്പുകൾ ഉൾപ്പെടെയുള്ള ചിത്രങ്ങളിൽ ഹരിഹരനൊപ്പം പ്രവർത്തിച്ച പത്മകുമാർ പിന്നീട് ഐ.വി ശശിയുടെ ചിത്രങ്ങളിലും സംവിധാന സഹായിയായി മാറി. ജോമോൻ സംവിധാനം ചെയ്ത കർമ്മ എന്ന ചിത്രത്തിലൂടെ അസോസിയേറ്റ് ഡയറക്ടറായി.ജോഷി, ഷാജി കൈലാസ്,രഞ്ജിത് തുടങ്ങിയവർക്കൊപ്പവും പ്രവർത്തിച്ച പത്മകുമാർ 2003 ൽ അമ്മ കിളിക്കൂട് എന്ന ചിത്രത്തിലൂടെ സ്വതന്ത്ര സംവിധായകനായി മാറി.തുടർന്ന് മമ്മൂട്ടി,മോഹൻലാൽ,ജയറാം തുടങ്ങി സൂപ്പർതാര ചിത്രങ്ങൾ അടക്കം ഇതുവരെ 22 ഓളം ചിത്രങ്ങൾ വെള്ളിത്തിരയിലെത്തിച്ചു. ഇവയിൽ എല്ലാം തന്നെ സൂപ്പർ ഹിറ്റുകൾ ആയിരുന്നു. നരേൻ,മീരാജാസ്മിൻ എന്നിവരെ കേന്ദ്രകഥാപാത്രങ്ങളാക്കി സംവിധാനം ചെയ്ത ക്വീൻ എലിസബത്താണ് ഏറ്റവും ഒടുവിലായി പുറത്തിറങ്ങിയ ചിത്രം.

**ചെറുപ്പം മുതലേ സിനിമയോട് ഇഷ്ടം**

ചെറുപ്പം മുതലേ സിനിമയെ ഏറെ ഇഷ്ടപ്പെട്ടിരുന്നയാളായിരുന്നു താൻ എന്ന് പത്മകുമാർ പറഞ്ഞു. എങ്ങനെ ഈ ലോകത്ത് എത്തുമെന്ന് അറിയില്ലായിരുന്നു. എങ്കിലും മുണ്ടൂരിൽ നിന്നും താൻ മദ്രാസിലേക്ക് വണ്ടി കയറി.തന്റെ സിനിമാ സ്വപ്നങ്ങൾക്ക് മദ്രാസ് ഒപ്പം നിന്നു. യാതൊരു പാരമ്പര്യവും അവകാശപ്പെടാനില്ലാതെ എത്തിയ തനിക്ക് ഇത്രയും കാലം സിനിമയിൽ നിലനിൽക്കാൻ സാധിച്ചതും സൂപ്പർ താരങ്ങൾ അടക്കമുള്ളവരെ നായകന്മാരാക്കി 22 ലധികം ചിത്രങ്ങൾ സംവിധാനം ചെയ്യാൻ കഴിഞ്ഞതും വലിയ കാര്യമാണെന്ന് പത്മകുമാർ പറഞ്ഞു.

**ചെയ്യാൻ ഏറെ ഇഷ്ടമുള്ള സബ്ജക്ട്**

എല്ലാത്തരം സബ്ജക്ടും ചെയ്യാൻ വളരെ ഇഷ്ടമാണ്. ഒരു കഥ കേൾക്കുമ്പോൾ തന്നെ ഇത് ചെയ്യണമെന്ന തോന്നൽ മനസിൽ ഉണ്ടാകണം. അത്തരത്തിൽ ഇഷ്ടം തോന്നിയാൽ അത് ഏതുതരം സബ്ജക്ടാണെങ്കിലും എന്തു റിസ്ക്കും എടുത്തും ചെയ്യും. എങ്കിലും റിയലിസ്റ്റിക് ത്രില്ലർ ചിത്രങ്ങളോട് അൽപ്പം ഇഷ്ടക്കൂടുതൽ ഉണ്ട്. ഇത്തരം സിനിമകൾ ചെയ്യാനാണ് കൂടുതൽ താൽപ്പര്യം.

**കംഫർട്ടബിൾ ആയ നായകന്മാർ**

സൂപ്പർ താരങ്ങളായ മമ്മൂട്ടിയും മോഹൻലാലും ഉൾപ്പെ എല്ലാ നായകന്മാരും എനിക്ക് കംഫർട്ടാണ്. ഹരിഹരൻ, ഐ.വി ശശി, ജോഷി, രഞ്ജിത്, ഷാജി കൈലാസ് തുടങ്ങിയ സംവിധായകർക്കൊപ്പം അസിസ്റ്റന്റായും അസോസിയേറ്റ് ഡയറക്ടറായും വർക്കു ചെയ്തിരുന്നതിനാൽ മമ്മൂട്ടി,മോഹൽലാൽ,ജയറാം,പൃഥിരാജ് അടക്കം ഒട്ടു മിക്ക നടന്മാർക്കൊപ്പം വർക്കു ചെയ്യാനുള്ള അവസരം ലഭിച്ചിട്ടുണ്ട്. എല്ലാവരുമായും നല്ല ബന്ധമാണുള്ളത് അതു കൊണ്ടുതന്നെ ഇവരെ നായകരാക്കി തനിക്ക് സിനിമ ചെയ്യാനും ബുദ്ധിമുട്ടുണ്ടായില്ല.

**ഏറ്റവും അധികം സ്വാധീനിച്ച സംവിധായകർ**

ഇഷ്ടപ്പെട്ട ഒട്ടേറെ സംവിധായകർ ഉണ്ട്. തമിഴിൽ കെ.ബാലചന്ദർ,ഭാരതി രാജ അടക്കം നിരവധി പേർ. പക്ഷേ തന്നെ സ്വാധീനിച്ച ഡയറക്ടമാരിൽ മുൻനിരയിലുള്ളത് ഹരിഹരനും ഐ.വി ശശിയുമാണ്.സിനിമയുടെ ക്യാപ്റ്റനാണ് സംവിധായകൻ. ഒരു ഡയറക്ടർ എങ്ങനെയായിരിക്കണം എന്ന് കാണിച്ചു തരുന്ന വ്യക്തിയാണ് ഹരിഹരൻ സാർ. ശശിയേട്ടൻ നൂറിലേറെ സിനിമ ചെയ്ത സംവിധായകനാണ്.എന്നിരുന്നാലും ഓരോ സിനിമ ചെയ്യുമ്പോഴും അത് തന്റെ ആദ്യ സിനിമയെന്ന നിലയിലാണ് അദ്ദേഹം അതിനെ സമീപിക്കുന്നത്. അതുകൊണ്ടു തന്നെ അതിന്റേതായ എനർജിയും അർപ്പണ മനോഭാവവും അദ്ദേഹത്തിന്റെ ഒരോ സിനിമയിലും കാണാൻ കഴിയും. താൻ സ്വതന്ത്ര സംവിധായകനായപ്പോഴും അവരിൽ നിന്നും പകർന്നു കിട്ടിയ പാഠങ്ങൾ തനിക്ക് ഒട്ടേറെ ഗുണം ചെയ്തു.

**ജോസഫ് ക്ലാസ് ത്രില്ലർ**

22 ചിത്രങ്ങൾ ചെയ്തുവെങ്കിലും സംവിധായകനെന്ന നിലയിൽ എറെ ജനപ്രീതി നേടി തന്ന ചിത്രമായിരുന്നു ജോസഫ്. താൻ ചെയ്ത സിനിമകളിൽ ക്ലാസ് ത്രില്ലർ ചിത്രമാണ് ജോസഫ് . കഥ അന്വേഷിച്ച് താൻ പോകാറില്ല. തന്നെ തേടിയെത്താറാണുള്ളത്.അങ്ങനെ പരിചയപ്പെട്ട എഴുത്തുകാരിൽ ഒരാളായിരുന്നു ഷാഹി കബീർ. തന്റെ ഒരു സുഹൃത്തു മുഖേനയാണ് ഷാഹിയെ കാണുന്നതും ജോസഫിന്റെ തിരക്കഥ വായിക്കുന്നതും. വായിക്കാൻ തുടങ്ങിയപ്പോൾ തന്നെ താൽപ്പര്യം തോന്നി. ഒറ്റയിരുപ്പിൽ വായിച്ചു തീർത്തു. വായന കഴിഞ്ഞപ്പോൾ തന്നെ ഇത് നല്ലൊരു ചിത്രമായിരിക്കുമെന്ന് മനസ് പറഞ്ഞു. തുടർന്ന് ഷാഹിയെ വിളിച്ചു വരുത്തി ചർച്ചയ്ക്ക് ശേഷം സിനിമ ചെയ്യാൻ തീരുമാനിക്കുകയായിരുന്നു. തിരക്കഥ വായിച്ചപ്പോൾ തന്നെ ജോജു ജോർജ്ജായിരുന്നു മനസിൽ വന്നത്. ജോജുവിനെ വിളിച്ചു കാര്യം പറഞ്ഞു. ജോജു നേരത്തെ ഈ കഥ കേട്ടിട്ടുള്ളതായിരുന്നതിനാൽ കാര്യങ്ങൾ എളുപ്പമായി. അങ്ങനെയാണ് ജോസഫ് സംഭവിക്കുന്നത്. ചിത്രം പ്രേക്ഷകർ അക്ഷരാർഥത്തിൽ ഏറ്റെടുക്കുകയായിരുന്നു.

**സ്വതന്ത്ര സംവിധായകനായ ശേഷവും അസോസിയേറ്റ് ഡയറക്ടർ**

സ്വതന്ത്രസംവിധായകനായതിനു ശേഷവും സ്നേഹബന്ധങ്ങളുടെ അടിസ്ഥാനത്തിലാണ് പലരുടെയും അസോസിയേറ്റായി ചിത്രങ്ങൾ ചെയ്യുന്നത്. ഒരോ സിനിമയും ഒരോ അനുഭവമാണ് സമ്മാനിക്കുക. പലതിൽ നിന്നും പുതിയതായി എന്തെങ്കിലും പഠിക്കാനുണ്ടാകും. ഒരു സിനിമ സ്വന്തമായി ചെയ്തതിനു ശേഷം അടുത്തതിന് ഗ്യാപ്പുണ്ടാകും ഇതിനിടയിലുള്ള സമയം വെറുതെ കളയേണ്ട കാര്യമില്ല. എന്നു മാത്രമല്ല പലതും നമ്മൾക്കും പഠിക്കുകയും ചെയ്യാം. ഇത് അടുത്ത സിനിമ ചെയ്യുമ്പോൾ ചിലപ്പോൾ ഉപയോഗിക്കാനും സാധിക്കും. അതുകൊണ്ടു തന്നെ അസോസിയേറ്റായി വർക്ക് ചെയ്യാൻ എപ്പോൾ അവസരം കിട്ടിയാലും താൻ വിട്ടുകളയാറില്ല. രഞ്ജിത്തിനൊപ്പമാണ് ഇത്തരത്തിൽ കൂടുതലും അസോസിയേറ്റായി വർക്ക് ചെയ്തിരിക്കുന്നത്.അദ്ദേഹവുമായി നല്ലൊരു അടുപ്പവും ബന്ധവുണ്ട്. പുത്തൻ പണമാണ് അവസാനമായി രഞ്ജിത്തിനൊപ്പം അസോസിയേറ്റ് ചെയ്ത ചിത്രം.

**കുടുംബ പ്രേക്ഷകർ തീയ്യറ്ററിൽ നിന്നും അകന്നു പോകാൻ കാരണം**

കുടുംബ പ്രേക്ഷകർ തീയ്യറ്ററിൽ നിന്നും മുഴുവനായും മാറി





നിന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. തീയ്യറ്ററുകളുടെ മോശം അവസ്ഥയും നല്ല സിനിമകൾ ഇറങ്ങാതിരുന്നതും കുടുംബ പ്രേക്ഷകർ അകലാനുള്ള കാരണങ്ങളായി മാറിയിരുന്നു. പിന്നീട് തീയ്യറ്ററുകൾ നവീകരിച്ച് മികച്ച ഗുണനിലവാരത്തിലേക്ക് എത്തുകയും മൾട്ടി പ്ലക്സുകൾ അടക്കം വന്നു തുടങ്ങുകയും ചെയ്തതോടെ കുടുംബമായി തീയ്യറ്ററിലേക്ക് എത്താൻ പറ്റുന്ന അന്തരീക്ഷം വന്നു. പല തീയ്യറ്റർ ഉടമകളും ഇക്കാര്യം തന്നോട് പങ്കുവെച്ചിട്ടുണ്ട്.എന്നാൽ കൊവിഡ് വീണ്ടും പ്രേക്ഷകരെ തീയ്യറ്ററിൽ നിന്നും അകറ്റി. ഒടിടി പ്ലാറ്റ്ഫോമുകൾ വന്നതോടെ വീട്ടിൽ ഇരുന്നും സിനിമ കാണാം എന്ന അവസ്ഥയായി. പിന്നീട് അത് ശീലമായി മാറി. എന്നിരുന്നാലും നല്ല ചിത്രമാണെങ്കിൽ അത് തീയ്യറ്ററിൽ തന്നെ പോയി പ്രേക്ഷകർ കാണുമെന്നത് സമീപകാല സിനിമകളുടെ ചരിത്രം പരിശോധിച്ചാൽ മനസിലാകും. കുടുംബത്തിനൊപ്പം ഇരുന്ന് കാണാൻ പറ്റുന്ന ചിത്രങ്ങളാണെങ്കിൽ അത് തീയ്യറ്ററിൽ തന്നെ പോയി കാണുന്നവരാണ് പ്രേക്ഷകർ.

**കുടുംബ ചിത്രങ്ങളുടെ എണ്ണത്തിൽ വലിയ തോതിൽ കുറവു വന്നു**

കുടുംബത്തിനൊപ്പം ആസ്വദിക്കാവുന്ന ചിത്രങ്ങളുടെ എണ്ണത്തിൽ വലിയ തോതിൽ തന്നെ കുറവ് സംഭവിച്ചിട്ടുണ്ട്. പുതിയ തലമുറയിലെ സംവിധായകർ പുതിയ വിഷയങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. ലോകസിനിമകളുമായി കിടപിടിക്കത്തക്കവിധത്തിലുള്ള സിനിമകളാണ് പുതുതലമുറ സംവിധായകരുടെ ലക്ഷ്യം. ഫാമിലി സബജക്ട് എന്നത് പഴഞ്ചൻ ആശയമാണെന്നും ഇതിൽ നിന്നും വേറിട്ട് പുതിയ വിഷയങ്ങളാണ് വേണ്ടതെന്നുമാണ് ഇവരിൽ പലരുടെയും നിലപാട്. അതു കൊണ്ടാണ് ഫാമിലി സബ്ജക്ട് അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങൾ അധികം ഉണ്ടാകാത്തതെന്നാണ് തനിക്ക് തോന്നിയിട്ടുള്ളത്. സിനിമയിൽ മാത്രമല്ല പൊതു സമൂഹത്തിൽ തന്നെ മൊത്തമായി ഇത്തരം ചിന്താഗതികൾ ഉള്ളതായിട്ടാണ് തനിക്ക് തോന്നിയിട്ടുള്ളത്. മുമ്പുണ്ടായിരുന്നതുപോലുള്ള ഫാമിലി അറ്റാച്ച്മെന്റ് പുതുതലമുറയ്ക്ക് വലിയ കാര്യമല്ല. സിനിമയ്ക്കായി കഥ തിരഞ്ഞെടുക്കുമ്പോഴും ഈ ചിന്താഗതി നല്ല രീതിയിൽ ബാധിച്ചിട്ടുണ്ട്.

**വയലൻസ് മാത്രമാകരുത് സിനിമ**

വയലൻസ് മാത്രമായി സിനിമ ചെയ്യുന്നതിനോട് തനിക്ക് യോജിപ്പില്ല. ഇമോഷൻസ് സിനിമയിൽ പ്രധാന ഘടകമാണ്.ഇമോഷൻസുള്ള സിനിമകൾ മാത്രമെ നിലനിൽക്കുകയുള്ളു.അല്ലാത്ത ചിത്രങ്ങൾ വരും പോകുമെന്നല്ലാതെ പ്രേക്ഷകരുടെ മനസിൽ യാതൊരു ചലനവും സൃഷ്ടിക്കില്ല. ജോസഫ് എന്ന ചിത്രം പ്രേക്ഷകർ രണ്ടു കൈയ്യും നീട്ടി സ്വീകരിക്കാൻ കാരണം അതിൽ കുടുംബബന്ധത്തിന്റെ പശ്ചാത്തലം കൂടി ഉള്ളതിനാലാണ്.

**പുതുതലമുറ സാങ്കേതിക വിദ്യയ്ക്ക് മുൻതൂക്കം നൽകുന്നു**

പുതിയ തലമുറയിലെ സംവിധായകർ കഥയേക്കാൾ സാങ്കേതിക വിദ്യയ്ക്ക് മുൻതൂക്കം നൽകുന്നവരാണ്. സിനിമയെന്നത് പകുതി കലയും പകുതി ടെക്നിക്കുമാണ്. നിലവിലെ കാലഘട്ടത്തിൽ ഒരോ ദിവസവും പുതിയ പുതിയ സാങ്കേതിക വിദ്യകൾ വന്നുകൊണ്ടിരിക്കുകയാണ്. പുതിയ തലമുറ ഇതിനെക്കുറിച്ച് എപ്പോഴും ബോധമുള്ളവരാണ്. പുതിയ ക്യാമറ,പുതിയ ലെൻസ്, പുതിയ ഷൂട്ടിംഗ് രീതികൾ എന്നിങ്ങനെ സിനിമയും ദിവസവും മാറിക്കൊണ്ടിരിക്കുകയാണ്. മാറിവരുന്ന പുതിയ രീതികൾ തന്റെ ചിത്രത്തിൽ എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നാണ് ഇവർ നോക്കുന്നത്.അപ്പോൾ സ്വഭാവിമായും ഇമോഷൻസ് മാറി നിൽക്കുകയും സാങ്കേതിക വിദ്യയ്ക്ക് പ്രാധാന്യം വരികയും ചെയ്യും.

**സാങ്കേതിക വിദ്യയ്ക്കല്ല പ്രാധാന്യം നൽകേണ്ടത് സബജക്ടിന്**

സിനിമയിൽ സാങ്കേതിക വിദ്യയേക്കാൾ മുൻ തൂക്കം സബ്ജക്ടിനു തന്നെ നൽകണമെന്നാണ് തന്റെ അഭിപ്രായം. പറയാൻ ഉദ്ദേശിക്കുന്ന കഥ പ്രേക്ഷകരിലെത്തിക്കാനുള്ള മീഡിയം മാത്രമാണ് സാങ്കേതിക വിദ്യ. കഥയ്ക്ക് തന്നെയായിരിക്കണം പ്രാമുഖ്യം നൽകേണ്ടത്. തന്നെ സംബന്ധിച്ചിടത്തോളം താൻ എപ്പോഴും കഥയ്ക്കു തന്നെയാണ് പ്രാമുഖ്യം നൽകുന്നത്. ഉപയോഗിക്കുന്ന ക്യാമറയ്ക്കും സാങ്കേതിക വിദ്യയ്ക്കുമൊക്കെ രണ്ടാം സ്ഥാനമെ നൽകാറുള്ളു.

**ഒടിടി പ്ലാറ്റ്ഫോം ഗുണദോഷ സമ്മിശ്രം**

ഒടിടി പ്ലാറ്റ്ഫോമുകൾ സിനിമയെ സംബന്ധിച്ച് ഗുണവും ദോഷവും സമ്മാനിക്കുന്നുണ്ട്. ഒരു സിനിമ ഇറങ്ങുമ്പോൾ തീയ്യറ്ററിൽ പോയില്ലേലും ഒടിടിയിൽ കാണാമല്ലോയെന്ന് തീരുമാനിച്ച് പലപ്പോഴും മാറ്റിവെയ്ക്കും. ഇത് തീയ്യറ്ററുകളെ ബാധിക്കും. അതേ സമയം പ്രേക്ഷകരെ സിനിമയുമായി കൂടുതൽ അടുപ്പിക്കാൻ ഒടിടി സഹായമാകുന്നുമുണ്ട്. ഒടിടിയിലൂടെ കൂടുതൽ സിനിമകൾ കാണാൻ സാധിക്കുമെന്നത് യാഥാർത്ഥ്യമാണ്. കൊവിഡ് കാലത്ത് ഒടിടി സംവിധാനമില്ലായിരുന്നുവെങ്കിൽ പ്രേക്ഷകർ പൂർണ്ണമായും സിനിമയിൽ നിന്നും വിട്ടു പോകുന്ന സ്ഥിതിയുണ്ടാകുമായിരുന്നു.അതിനെ മറികടക്കാൻ സാധിച്ചത് ഒടിടി സംവിധാനത്തിലൂടെയാണ്.എങ്കിലും തീയ്യറ്ററിൽ കാണേണ്ട സിനിമ തീയ്യറ്ററിൽ തന്നെ കാണണം.



**ക്വീൻ എലിസബത്ത് നരേൻ-മീരാജാസ്മിൻ ജോഡിയുടെ തിരിച്ചുവരവ്**

മീരാ ജാസ്മിനെ വീണ്ടും മലയാളത്തിലേക്ക് കൊണ്ടുവരുന്നതിനെ വളരെ പോസിറ്റീവായിട്ടാണ് താൻ കണ്ടത്. മീരാ ജാസ്മിനെ ഇഷ്ടപ്പെടുന്ന വലിയ ഒരു വിഭാഗം പ്രേക്ഷകർ ഇപ്പോഴുമുണ്ട്. മലയാള സിനിമയിൽ മീരയുടെ സ്ഥാനത്തിന് ഒരു കോട്ടവും സംഭവിച്ചിട്ടില്ലെന്നു തന്നെയാണ് ക്വീൻ എലിസബത്തിന്റെ വിജയം വ്യക്തമാക്കുന്നത്. പഴയ സിനിമകൾ കണ്ടിട്ടുള്ളവരുടെ മനസിൽ നിന്നും മീരാ ജാസ്മിൻ എന്ന അഭിനേത്രി മാഞ്ഞിട്ടില്ല. ക്വീൻ എലിസബത്ത് ചെയ്യാൻ തീരുമാനിച്ചപ്പോൾ തന്നെ എലിസബത്തിന്റെ റോൾ ചെയ്യാൻ മീരയെയാണ് മനസിൽ കണ്ടത്.മീരയ്ക്കും കഥ ഇഷ്ടമായതോടെ കാര്യങ്ങൾ എളുപ്പമായി. ഒപ്പം നരേനെയും തീരുമാനിച്ചു. മീരാജാസ്മിൻ- നരേൻ കോംബോ പ്രേക്ഷകർ ഒരുകാലത്ത് ഏറെ ഇഷ്ടപ്പെട്ടിരുന്നു. ഇവരെ വീണ്ടും അവതരിപ്പിക്കാനുള്ള തീരുമാനം തെറ്റിയില്ലെന്നാണ് പ്രേക്ഷകരുടെ പ്രതികരണത്തിലൂടെ ബോധ്യപ്പെട്ടത്.

**'മാമാങ്കം' മറക്കാൻ ആഗ്രഹിക്കുന്ന ചാപ്റ്റർ**

മാമാങ്കം എന്ന ചിത്രം താൻ ചെയ്തത് ശരിയായോ ഇല്ലയോ എന്ന കാര്യത്തിൽ ഇപ്പോഴും വലിയ തിട്ടമില്ല. മാമാങ്കം ചെയ്യാൻ സത്യത്തിൽ തനിക്ക് താൽപ്പര്യമില്ലായിരുന്നു. തന്റെ മനസിൽ ഉള്ള ഒരു ചിത്രമായിരുന്നില്ല മാമാങ്കം, പക്ഷേ ചില പ്രത്യേക സാഹചര്യത്തിൽ അത് ചെയ്യാൻ നിർബന്ധിതനാകുകയായിരുന്നു. ചിത്രം ചെയ്യാൻ നല്ല രീതിയിൽ തന്നെ പ്രയത്നം വേണ്ടി വന്നു. പല പോരായ്മകളും ഉണ്ടായിരുന്നു. ചിത്രത്തിനോട് പൂർണ്ണമായും നീതി പുലർത്താൻ പറ്റിയോ എന്ന കാര്യത്തിൽ തനിക്ക് സംശയമാണ്. പോരായ്മകൾക്കു നടുവിലും തന്റെ കഴിവിന്റെ പരമാവധി ആ ചിത്രത്തിൽ ചെയ്തിട്ടുണ്ട്. എങ്കിലും ആഗ്രഹിച്ചതുപോലുള്ള ഒരു സിനിമയാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ലെന്നാണ് താൻ വിശ്വസിക്കുന്നത്.

**സിനിമ ചലഞ്ചിംഗ് ആയിരിക്കണം**

ചലഞ്ചിംഗ് ആയിട്ടുള്ള സിനിമ ചെയ്യാൻ ഏറെ ഇഷ്ടപ്പെടുന്ന വ്യക്തിയാണ് താൻ. ഒരു സിനിമ ചെയ്യുമ്പോൾ സംവിധായകന്റെ കഴിവ് പ്രകടമാക്കാൻ പറ്റുന്ന വിധത്തിൽ എന്തെങ്കിലും ആ സിനിമയിൽ ഉണ്ടാകണം എന്നുതന്നെയാണ് തന്റെ അഭിപ്രായം.ചരിത്ര സിനിമകൾ ചെയ്യാൻ ഇഷ്ടമാണ്. ചരിത്ര സിനിമകൾ ചെയ്യുന്നത് എപ്പോഴും വെല്ലുവിളിയാണ്. വെല്ലുവിളികൾ ഏറ്റെടുത്ത് വിജയിപ്പിക്കുമ്പോഴാണ് സംവിധായകനും വിജയിക്കുന്നത്.

**പുതിയ പ്രോജക്ട്**

ഷെയിൻ നിഗം നായകനാകുന്ന ചിത്രമാണ് പുതിയതായി ആലോചനയിലുള്ളത് ഇതിന്റെ പ്രാരംഭ നടപടികൾ നടന്നു വരികയാണ്. ഏപ്രിലോടുകൂടി ചിത്രം ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

**തയ്യാറാക്കിയത്:**

**ടോമി മാത്യു**

# പ്രാണ പ്രതിഷ്ഠ: കേരളത്തിൽ പതിനായിരം കേന്ദ്രങ്ങളിൽ ആഘോഷം ഒരുക്കി ശ്രീരാമ ജന്മഭൂമി ക്ഷേത്ര ട്രസ്റ്റ്

**കൊച്ചി :** അയോദ്ധ്യ പ്രാണ പ്രതിഷ്ഠയോടനുബന്ധിച്ച് കേരളത്തിൽ പതിനായിരം കേന്ദ്രങ്ങളിൽ ശ്രീരാമ ജന്മഭൂമി ക്ഷേത്ര ട്രസ്റ്റിന്റെ നേതൃ ത്വത്തി ആഘോഷപരിപാടികൾ സംഘടിപ്പിക്കും. അതാത് സ്ഥലങ്ങളിലെ വിവിധ ഹൈന്ദവ സംഘടനകളും , ക്ഷേത്ര സമിതികളും ഒരുമിച്ചു ചേർന്നാണ് ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത്.

ക്ഷേത്ര സങ്കേതങ്ങളിലാണ് പ്രധാനമായും ആഘോഷ പരിപാടികൾ നടക്കുന്നത്. എല്ലാ സ്ഥലങ്ങളിലും അയോധ്യയിൽ നിന്നുള്ള പ്രാണ പ്രതിഷ്ഠയുടെ ചടങ്ങുകൾ തൽസമയം വീക്ഷിക്കുന്നതിനായി വലിയ സ്ക്രീനുകൾ ഒരുക്കിയിട്ടുണ്ട്. രാമായണ പാരായണം, ഭജന,നാമ സങ്കീർത്തനം,പ്രഭാഷണം,ശ്രീരാമ അഷ്ടോത്തര നാമാർച്ചന, ശ്രീരാമ വിജയ് മന്ത്രജപം, പുഷ്പാർച്ചന,കർ സേവകരെ ആദരിക്കൽ, പ്രസാദ വിതരണം തുടങ്ങി വിവിധ പരിപാടികൾ ഇതിനോടനുബന്ധിച്ച് നടക്കും.

പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലെല്ലാം പുലർച്ചെ മുതൽ പരിപാടികൾ ആരംഭിക്കും. മറ്റ് സ്ഥലങ്ങളിൽ രാവിലെ 11 മണി മുതലാണ് ആഘോഷ പരിപാടികൾ ആരംഭിക്കുക. വൈകുന്നേരം 50 ലക്ഷം ഭവനങ്ങളിൽ ദീപങ്ങൾ തെളിക്കും.ഭാരതമാകമാനം നടക്കുന്ന ഉത്സവ സമാനമായ ആഘോഷപരിപാടികളിൽ എല്ലാവരെയും പങ്കെടുപ്പിക്കുവാനുള്ള വിപുലമായ തയ്യാറെടുപ്പുകളാണ് സംസ്ഥാനത്ത് നടന്നു വരുന്നതെന്ന് വിജി തമ്പി പറഞ്ഞു.

# വണ്ടർലയിൽ റിപ്പബ്ലിക്ക് ദിന ഓഫറുകൾ

**കൊച്ചി:** റിപ്പബ്ലിക് ദിനാഘോഷം പ്രമാണിച്ച് ഈമാസം 26 മുതൽ 28 വരെ വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡ് പുതിയ ഓഫറുകൾ പ്രഖ്യാപിച്ചു.

ഈ ദിവസങ്ങളിൽ ഒരു ടിക്കറ്റിന് 999 രൂപ നിരക്കിൽ വണ്ടർല പാർക്ക് പ്രവേശന ടിക്കറ്റുകൾ ബുക്ക് ചെയ്യാം. ടിക്കറ്റുകൾ പരിമിതമായതിനാൽ മുൻകൂർ ബുക്കിംഗ് നടത്തുന്നത് സൗകര്യപ്രദമാകും.റിപ്പബ്ലിക്ക് ദിന ഓഫറിന് പുറമെ ബുധനാഴ്ചകളിൽ വനിതകൾക്ക് 2 ടിക്കറ്റിന്, 2 ടിക്കറ്റുകൾ സൗജന്യമായി ലഭിക്കുന്ന വണ്ടർ വിമൻ ഓഫറും ആരംഭിച്ചിട്ടുണ്ട്.

മൂന്ന് ദിവസം മുമ്പേ ഓൺലൈനിൽ ബുക്ക് ചെയ്താൽ 10% കിഴിവ് ലഭിക്കുന്നതാണ്. ഈ ഓഫറുകൾ ഓൺലൈനിൽ മാത്രമേ ലഭ്യമാകൂ.വണ്ടർല ദീർഘ വാരാന്ത്യങ്ങൾക്കുള്ള പ്രവേശന ടിക്കറ്റുകൾ ഓൺലൈൻ പോർട്ടലായ https://bookings.wonderla.com/ മുഖേന ബുക്ക് ചെയ്യാം. 04843514001, 75938 53107 എന്നീ നമ്പറുകളിലും ബന്ധപ്പെടാം.വാരാന്ത്യങ്ങളും വണ്ടർലയിലെ ആഘോഷങ്ങളും ആസ്വദിക്കാൻ അവസരം ഒരുക്കുന്നതാണ് ഓഫറുകളെന്നും സ്ത്രീകൾക്കായി മികച്ച അവസരങ്ങളാണ് ഒരുക്കുന്നതെന്നും വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അരുൺ കെ ചിറ്റിലപ്പിള്ളി പറഞ്ഞു.

## ഭക്ഷ്യസുരക്ഷാവകുപ്പിന്റെ അപ്രായോഗിക നിർദ്ദേശങ്ങൾ നടപ്പിലാക്കില്ല – കെ.എച്ച്.ആർ.എ

**കൊച്ചി:** ഹോട്ടലുകളിൽനിന്നും നൽകുന്ന പാർസലുകളിൽ ഭക്ഷണം തയ്യാറാക്കിയ സമയം ഉൾപ്പെടെയുള്ള സ്റ്റിക്കർ പതിക്കണമെന്ന ഭക്ഷ്യസുരക്ഷാവകുപ്പിന്റെ നിർദ്ദേശം അപ്രായോഗികമായതിനാൽ ഹോട്ടലുകളിൽ നടപ്പിലാക്കുവാനാവില്ലായെന്ന് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ. ഹോട്ടലുകളിൽ ഓരോ വിഭവങ്ങളും തയ്യാറാക്കുന്നത് വ്യത്യസ്ത സമയങ്ങളിലും വ്യത്യസ്ത ചേരുവകകളിലുമാണ്. അവയിൽ പലതും ദീർഘനേരം കേടുകൂടാതെ ഇരിക്കുന്നവയുമാണ്. പെട്ടെന്ന് അണുബാധയേൽക്കുവാൻ സാധ്യതയുള്ള മയൊണൈസ് പോലുള്ളവ ഉപയോഗിക്കുന്ന വിഭവങ്ങൾ നിശ്ചിത സമയത്തിനകം ഉപയോഗിക്കണമെന്ന സ്റ്റിക്കർ നിലവിൽ പാർസലിൽ പതിക്കുന്നുണ്ട്. കൂടാതെ പാർസൽ വാങ്ങിയ സമയവും, തീയതിയും രേഖപ്പെടുത്തിയ ബില്ലുകളും ഹോട്ടലുകളിൽനിന്നും ലഭിക്കുന്നുണ്ട്. ഇങ്ങനെയിരിക്കെ ഹോട്ടലുകളിൽനിന്നും നൽകുന്ന പാർസൽ ഭക്ഷണങ്ങളിൽ അവ തയ്യാറാക്കിയ സമയം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയ സ്റ്റിക്കർ പതിക്കണമെന്ന നിർദ്ദേശം അപ്രായോഗികമായതിനാൽ നടപ്പിലാക്കുവാൻ ബുദ്ധിമുട്ടാണെന്ന് സംസ്ഥാന പ്രസിഡന്റ് ജി. ജയപാലും ജനറൽസെക്രട്ടറി കെ. പി. ബാലകൃഷ്ണ പൊതുവാളും അറിയിച്ചു.

## ബൻസാൽ വയർ ഇൻഡസ്ട്രീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റെയിൻലെസ് സ്റ്റീൽ വയർ നിർമ്മാണ കമ്പനിയും സ്റ്റീൽ വയർ നിർമ്മാണത്തിൽ രണ്ടാമത്തെ ഏറ്റവും വലിയ കമ്പനിയുമായ ബൻസാൽ വയർ ഇൻഡസ്ട്രീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് അഞ്ച് രൂപ മുഖവിലയുള്ള 745 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## മത്സ്യമേഖലയിലെ കാലാവസ്ഥാവ്യതിയാന ഭീഷണി
# കാർബൺ ബഹിർഗമന തോത് കുറക്കയ് ണമെന്ന് ആഗോള യുഎൻ വേദിയിൽ ഇന്ത്യ

**കൊച്ചി:** മത്സ്യമേഖലയിൽ കാലാവസ്ഥാവ്യതിയാനത്തിന്റെ ഭീഷണി ചെറുക്കാൻ കാർബൺ ബഹിർഗമന തോത് ഗണ്യമായി കുറക്കണമെന്ന് ഇന്ത്യയുടെ നിർദേശം. ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ലോക ഭക്ഷ്യകാർഷിക സംഘടനയുടെ (എഫ്എഒ) ഫിഷറീസ് മാനേജ്മെന്റ് സബ്കമ്മിറ്റിയുടെ പ്രഥമ യോഗത്തിലാണ് നിർദേശം. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ് (സിഎംഎഫ്ആർഐ) കാലാവസ്ഥാപ്രതിരോധ മത്സ്യമേഖലയെ കുറിച്ചുള്ള ഇന്ത്യയുടെ പ്രസ്ഥാവന ആഗോളവേദിയിൽ അതരിപ്പിച്ചത്. കാലാവസ്ഥാവ്യതിയാനം ചെറുക്കുന്നതിൽ ഇന്ത്യയുടെ സജീവനിലപാട് വ്യക്തമാക്കുന്ന പ്രസ്താവന സിഎംഎഫ്ആർഐയിലെ ഫിഷറി റിസോഴ്സസ് അസസ്മെന്റ് ഇക്കണോമിക്സ് ആന്റ് എക്സ്റ്റൻഷൻ വിഭാഗം മേധാവി ഡോ ജെ ജയശങ്കർ വായിച്ചു.ഇന്ത്യൻ സമുദ്രമത്സ്യമേഖലയിൽ ഒരു കിലോ മീൻ പിടിക്കുമ്പോൾ പുറംതള്ളുന്ന കാർബൺ വാതകങ്ങൾ ആഗോള ശരാശരിയേക്കാൾ 17.7 ശതമാനം കുറവാണ്. കാർബൺ വാതകങ്ങൾ പിടിച്ചുനിർത്തുന്നതിനുള്ള കടൽപായലിന്റെ ശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നത് കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതം കുറക്കുന്നതിൽ നിർണായകമാണ്. കടൽപായൽ കൃഷിയും കണ്ടൽ ആവാസവ്യവസ്ഥയും ശക്തിപ്പെടുത്തുന്നവിധത്തിൽ പ്രകൃതിദത്ത ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നത് ഇക്കാര്യത്തിൽ ഏറെ ഗുണകരമാകുമെന്നും ഇന്ത്യ വ്യക്തമാക്കി.എഫ്എഒയുടെ ഫിഷറീസ് സമിതിയിലെ (കമ്മിറ്റി



ഓൺ ഫിഷറീസ്) അംഗങ്ങൾ, ഐക്യരാഷ്ട്രസഭയുടെ മൂന്ന് പ്രത്യേക ഏജൻസികളുടെ പ്രതിനിധികൾ, മറ്റ് എഫ്എഒ അംഗരാജ്യങ്ങളിൽ നിന്നുള്ള നിരീക്ഷകർ തുടങ്ങിയവർ പങ്കെടുത്ത ഉന്നതതല യോഗത്തിൽ കേന്ദ്ര ഫിഷറീസ് വകുപ്പ് മുൻ ജോയിന്റ് സെക്രട്ടറി ഡോ ജെ ബാലാജിയാണ് ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചത്. സിഎംഎഫ്ആർഐക്ക് പുറമെ, കേന്ദ്ര ഫിഷറീസ് വകുപ്പിലെയും ഫിഷറി സർവേ ഓഫ് ഇന്ത്യയിലെയും ഉദ്യോഗസ്ഥരും യോഗത്തിൽ സംബന്ധിച്ചു.

മത്സ്യബന്ധനമത്സ്യകൃഷി മേഖലകളിൽ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കൽ, ഉചിതമായ ഫിഷറീസ് മാനേജ്മെന്റ്, പ്രതിരോധ ശാക്തീകരണം, കടലിലെ സുരക്ഷ തുടങ്ങി നിരവധി മേഖലകളിൽ നൈപുണ്യപരിശീലനം നൽകാൻ ഇന്ത്യ എഫ്എഒയോട് അഭ്യർത്ഥിച്ചു.സമുദ്രമത്സ്യമേഖലയിലെ ജൈവസമ്പത്തിനെകുറിച്ചുള്ള ഇന്ത്യയുടെ നിലപാടും വേദിയിൽ സിഎംഎഫ്ആർഐ അവതരിപ്പിച്ചു. സിഎംഎഫ്ആർഐയിലെ ഫിൻഫിഷ് ഫിഷറീസ് വിഭാഗം മേധാവി ഡോ ശോഭ ജോ കിഴക്കൂടനാണ് ഇതുമായി ബന്ധപ്പെട്ട ഇന്ത്യയുടെ പ്രസ്ഥാവന വായിച്ചത്. മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കാത്ത രീതിയിൽ കടലിൽ സംരക്ഷിത മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതും അനുയോജ്യമായ സ്ഥലങ്ങളിൽ കൃത്രിമപാരുകൾ (ആർട്ടിഫിഷ്യൽ റീഫ്) സ്ഥാപിക്കുന്നതും ഇന്ത്യയുടെ ജൈവവൈവിധ്യ സംരക്ഷണശ്രമങ്ങൾക്ക് ശക്തിപകരുന്നതാണ്. അന്താരാഷ്ട്ര സംരക്ഷണ മാനദണ്ഡങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യം മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ഗുണഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതിന് അധികാരികൾ വൻതോതിൽ ശ്രമങ്ങൾ നടത്തുന്നുണ്ട്.ജൈവവൈവിധ്യസംരക്ഷണത്തെ കുറിച്ച് ഇന്ത്യയിലെ മത്സ്യത്തൊഴിലാളികൾ തികഞ്ഞ ബോധവാൻമാരാണ്. ഇന്ത്യയിൽ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിൽ രാജ്യത്തെ വന്യജീവി സംരക്ഷണ നിയമം സുപ്രധാനഘടകമായി പ്രവർത്തിക്കുന്നു

# മാനസിക പ്രശ്നങ്ങളോടുള്ള സമീപനം മാറണം : ഡോ. ലക്ഷ്മികാന്ത് രാത്തി

**കൊച്ചി:** മാനസിക പ്രശ്നങ്ങളും ശരീരിക രോഗങ്ങളും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധം വ്യക്തിയും, കുടുംബവും, സമൂഹവും തിരിച്ചറിയേണ്ടത് അനിവാര്യമാണെന്ന് ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയുടെ പുതിയ ദേശീയ അദ്ധ്യക്ഷൻ ഡോ. ലക്ഷ്മികാന്ത് രാത്തി പറഞ്ഞു. മനോരോഗ ചികിത്സയെ വളരെ വിശാലമായ വൈദ്യശാസ്ത്ര ശാഖയായി കാണണം. 90% വരെയുള്ള മാനസിക രോഗങ്ങളും ഉത്കണ്ഠ, വിഷാദം, സൈക്കോസോമാറ്റിക് ഡിസോർഡേഴ്സ് തുടങ്ങിയ സാധാരണവും വ്യാപകവുമായ അവസ്ഥകൾ ഉൾക്കൊള്ളുന്നതാണെന്ന് അദ്ദേഹം പറഞ്ഞു.'നിഷേധാത്മക ചിന്തകൾ കുമിഞ്ഞുകൂടിയാണ് പലപ്പോഴും ശാരീരിക അസ്വാസ്ഥ്യങ്ങളും രോഗങ്ങളുമായി മാറുന്നത്. നേരെമറിച്ച്, പോസിറ്റീവായ ചിന്തകൾ ശാരീരികാരോഗ്യം കൂട്ടുന്നു. അതിനാൽ വ്യക്തി ജീവിതത്തിലും, കുടുംബത്തിലും, സമൂഹത്തിലും സമാധാനം നിലനിർത്തേണ്ട അനിവാര്യത തിരിച്ചറിയണമെന്ന് അദ്ദേഹം പറഞ്ഞു.'പ്രഷർ കുക്കർ ലൈഫ്' സാർവത്രികമാണിന്ന്. വിജയികൾ നേട്ടങ്ങൾ നിലനിർത്തുന്നതിനുള്ള സമ്മർദ്ദത്തിലാണ്. വിജയത്തിനായി പരിശ്രമിക്കുന്നവർ ആ ഭാരം ചുമക്കുന്നു. തകർന്ന ബന്ധങ്ങൾ, ജോലിയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ, കുടുംബപരമായ വിയോജിപ്പുകൾ എന്നിവ സമ്മർദ്ദത്തിന് ആക്കം കൂട്ടുന്നു, ' ഡോ. ലക്ഷ്മികാന്ത് രാത്തി പറഞ്ഞു.




ആഗോളതലത്തിൽ 264 ദശലക്ഷത്തിലധികം ആളുകൾ വിഷാദരോഗം ബാധിച്ചവരാണെന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്ക്.മാനസിക സമ്മർദ്ദത്തെയും വിഷാദരോഗത്തെയും ഫലപ്രദമായി നേരിടുന്നതിന് സമഗ്രമായ സമീപനം ആവശ്യമാണ്.മാനസിക ആരോഗ്യ പ്രശ്നങ്ങളെ അപകീർത്തികരമായി കാണുന്ന സാമൂഹിക സമീപനം ഇന്നുമുണ്ട്. അത് മാറണം. മാനസിക രോഗങ്ങളെ ശാരീരിക രോഗങ്ങൾക്ക് തുല്യമായി അംഗീകരിക്കുന്നത് ആരോഗ്യ രംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് ഡോ. ലക്ഷ്മികാന്ത് രാത്തി പറഞ്ഞു ഇന്ത്യൻ സൈക്യാട്രി സൊസൈറ്റിയുടെ കൊച്ചിയിൽ നടക്കുന്ന വാർഷിക സമ്മേളനത്തിൽ 3200ലധികം പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്. ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയുടെ ജനറൽ സെക്രട്ടറി ഡോ. അരബിന്ദ് ബ്രഹ്മ, വൈസ് ചെയർമാൻ ഡോ.കെ. സുദർശൻ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.




പറവൂരിൽ നടന്ന കെ എ എച്ച് എസ് ടി എ എറണാകുളം ജില്ലാ സമ്മേളനം ഡോ. ജി. ഗീതിക ഉദ്ഘാടനം ചെയ്യുന്നു. വി.എസ്. സുനിൽ, വി. പി. സാജൻ, വി. ബിന്ദു, ബീന, വിക്ടോ കെ.എം സമീപം

## അധ്യാപകർക്കെതിരെയുള്ള അനാവശ്യ നടപടികൾ അവസാനിപ്പിക്കണം: കെ. എ. എച്ച്. എസ്. ടി. എ

**പറവൂർ** :ഹയർ സെക്കന്ററി അധ്യാപകർക്കെതിരെ ഉള്ള അനാവശ്യ ശിക്ഷാ നടപടികൾ അവസാനിപ്പിക്കണമെന്ന് കെ എ എച്ച് എസ് ടി എ എറണാകുളം ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. നിസാര കാരണങ്ങൾക്കു വരെ ഡിപ്പാർട്മെന്റ് സ്വീകരിക്കുന്ന ക്രൂരമായ നടപടികൾക്കെതിരെ സമ്മേളനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.ഡോ. ജി. ഗീതിക (അസി. പ്രൊഫ.യു സി കോളേജ്) സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ട്രെഷറർ സുനിൽ വി എസ് അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പൽ മാരായ ശ്രീമതി വി ബിന്ദു, ബീന എന്നിവർ ആശംസകൾ നേർന്നു. സർവീസിൽ നിന്നും വിരമിക്കുന്ന ശ്രീമതി കെ എം വിക്ടോ ടീച്ചറിനെ സമ്മേളനത്തിൽ അനുമോദിച്ചു. ഭാരവാഹികൾ : വി പി സാജൻ (പ്രസിഡന്റ് )കെ എസ് രാജേഷ് (സെക്രട്ടറി )ഡോ സുപ്രഭാ സി ടി (ട്രെഷറർ )ശ്രീകല വി പി (വൈസ്. പ്രസി )മഞ്ജു എ എസ് (ജോയിന്റ് സെക്രട്ടറി )ഇ കെ പ്രീത, ഡോ എം പി യമുന.

## സോണി ഇൻസോൺ ബഡ്സ് അവതരിപ്പിച്ചു




**കൊച്ചി:** സോണിയുടെ പുതിയ ഓഡിയോ സാങ്കേതി കവിദ്യയുള്ള സോണി ഇൻസോൺ ബഡ്സ് വിപണിയിൽ അവതരിപ്പിച്ചു. ഗെയിമിങ് എളുപ്പമാക്കുന്ന വയർലെസ് ഇയർബഡ് സാണിതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

മികച്ച ശബ്ദം, ആക്ടീവ് നോയ്സ് ക്യാൻസലിങ്, 12 മണിക്കൂർ ബാറ്ററി, കുറഞ്ഞ ലേറ്റൻസി കണക്റ്റിവിറ്റി എന്നിവയാണ് പ്രധാന സവിശേഷതകൾ. പേഴ്സണൽ കമ്പ്യൂട്ടർ, മൊബൈൽ, കൺസോൾ ഗെയിംപ്ലേ തുടങ്ങിയവയിലെല്ലാം ആഴത്തിലുള്ള ഗെയിമിങ് അനുഭവമാണ് സോണി ഇൻസോൺ ബഡ്സ് വാഗ്ദാനം ചെയ്യുന്നത്. 2024ൽ പ്രവർത്തനത്തിന്റെ 20ാം വർഷം ആഘോഷിക്കുകയും, ഈ വർഷത്തെ വലോറന്റ് ചാമ്പ്യൻസ് ടൂറിൽ തുടർച്ചയായ അന്താരാഷ്ട്ര കിരീടങ്ങൾ നേടുകയും ചെയ്ത പ്രശസ്ത ഇ-സ്പോർട്സ് ടീമായ ഫെനാറ്റികിന്റെ സഹകരണത്തിലൂടെയാണ് ഇൻസോൺ ബഡ്സിന്റെ നിർമാണം. പ്രൊഫഷണൽ ഗെയിമർമാരുമായി സഹകരിച്ചാണ് ഇത് രൂപകല്പന ചെയ്തിരിക്കുന്നതെന്ന പ്രത്യേകതയുമുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.12 മണിക്കൂർ വരെ ബാറ്ററി ലൈഫുമായി ഈ രംഗത്തെ ഏറ്റവും ദൈർഘ്യമേറിയ ബാറ്ററി ലൈഫാണ് സോണി ഇൻസോൺ ബഡ്സ് ഉറപ്പുനല്കുന്നത്.

കിക്ക് ചാർജിങ് ഫീച്ചറിലൂടെ വെറും 5 മിനിറ്റ് ചാർജിൽ ഒരു മണിക്കൂർ വരെ പ്ലേ ടൈം ലഭിക്കും. മികച്ച ഗെയിമിങ് അനുഭവത്തിനായി ചെവിയുമായുള്ള സമ്പർക്കം കുറയ്ക്കുന്ന ഡിസൈനിലാണ് ഇൻസോൺ ബഡ്സ് വരുന്നത്.

യുഎസ്ബി ടൈപ്പ് സി ഡോംഗിൾ, ബ്ലൂടൂത്ത് എൽഇ ഓഡിയോ കണക്ഷൻ വഴിയുള്ള 2.4 ഗിഗാ ഹേർട്സ് വയർലെസ് കണക്ഷന് മാത്രമേ ഇൻസോൺ ബഡ്സുകൾ പിന്തുണയ്ക്കുകയുള്ളൂ. എഐ അസിസ്റ്റഡ് മൈക്രോഫോൺ, വിരൽത്തുമ്പിൽ തടസമില്ലാത്ത നിയന്ത്രണം, ഇൻസോൺ ഹബ് സോഫ്റ്റ്‌വെയർ, റീസൈക്കിൾ ചെയ്ത മെറ്റീരിയലുകൾ ഉപയോഗിച്ചുള്ള പാക്കേജിങ് എന്നിവയാണ് മറ്റു പ്രത്യേകതകൾ. 2024 ജനുവരി 16 മുതൽ സോണി റീട്ടെയിൽ സ്റ്റോറുകളിൽ (സോണി സെന്റർ, സോണി എക്സ്ക്ലൂസീവ്), www.ShopatSC.com പോർട്ടൽ, പ്രധാന ഇലക്ട്രോണിക് സ്റ്റോറുകൾ, മറ്റ് ഇ-കൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവിടങ്ങളിൽ 2024 ജനുവരി 16 മുതൽ ഇൻസോൺ ബഡ്സ് ലഭ്യമാകും. കറുപ്പ്, വെളുപ്പ് നിറങ്ങളിൽ വരുന്ന മോഡലിന് 17,990 രൂപയാണ് വില.

# ക്യാമ്പിങ് ഗ്ലാമറാക്കാൻ ഗ്ലാമ്പിങ്; ഞൊടിയിടയിൽ റിസോർട്ട് പണിയാം

**കൊച്ചി:** പരിസ്ഥിതിക്ക് ആഘാതമില്ലാതെ ടൂറിസം സാധ്യതകളുള്ള ഏതു സ്ഥലത്തും വിശാല സൗകര്യങ്ങളോടെ അഞ്ച് ദിവസത്തിനുള്ളിൽ ഒരു റിസോർട്ട് വരെ സാധ്യമാക്കുന്ന പുതിയ ഉൽപ്പന്നം വരുന്നു. കേരളത്തിൽ പുതുമയുള്ളതും ഒട്ടേറെ സാധ്യതകളുമുള്ള ഗ്ലാമ്പിങ് സൗകര്യമൊരുക്കുന്നതിന് സിപോഡ്സ് എന്ന പേരിൽ ഉൽപ്പന്നവും സാങ്കേതിക സഹായവുമായി എത്തിയിരിക്കുന്നത് ടൂറിസം സ്റ്റാർട്ടപ്പ് ക്യാമ്പർ ആണ്. കേരള സ്റ്റാർട്ടപ്പ് മിഷന്റെയും കെ എസ് ഐ ഡി സിയുടെയും സഹായത്തോടെയാണ് ഈ ഉൽപ്പന്നം പുറത്തിറക്കിയിട്ടുള്ളത്. ഗ്ലാമറസ് ക്യാമ്പിങ് എന്ന ഗ്ലാമ്പിങ്ങിനു വേണ്ട എല്ലാ സഹായങ്ങളും സിപോഡ്സിലൂടെ കമ്പനി നൽകും. ആഡംബര സൗകര്യങ്ങളോടെയുള്ള ക്യാമ്പിങ് ടെന്റുകളാണ് സിപോഡ്സ്.നിർമാണ പ്രവൃത്തികൾ ആവശ്യമില്ലാത്ത, ഭൂമിയുടെ സ്വാഭാവിക നിലനിൽപ്പിന് കോട്ടം വരുത്താത്ത, ഏതു ഭൂപ്രദേശത്തിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ ഗ്ലാമ്പിങ് ഇതു സാധ്യമാക്കുന്നു. വിനോദ സഞ്ചാര കേന്ദ്രങ്ങളിലും വനങ്ങളിലും നദിയോരങ്ങളിലും ബീച്ചുകളിലുമെല്ലാം എല്ലാവിധ സൗകര്യങ്ങളുമുള്ള ക്യാമ്പിങ് ടെന്റുകൾ ഒരുക്കാനാകും. ടെറസുകളിലും മലനിരകളിലും കാരവൻ പാർക്കിങ് സ്ഥലങ്ങളിലും ഫാം ഹൗസുകളിലുമെല്ലാം സിപോഡ്സ് ഉപയോഗിച്ച് ഗ്ലാമ്പിങ് ടെന്റുകൾ ഒരുക്കാമെന്ന് ക്യാമ്പർ സിഇഒ പ്രബിൽ എം ജെ പറയുന്നു. കേരളത്തിന്റെ ഭൂപ്രകൃതിക്ക് ഏറ്റവും അനുയോജ്യമായ രീതിയിലാണ് ഗ്ലാമ്പിങ് സൗകര്യം ഒരുക്കി നൽകുന്നത്. പഞ്ചനക്ഷത്ര റിസോർട്ടിന് തുല്യമായ സൗകര്യങ്ങളോടെ താമസിച്ചു, പ്രകൃതിയെ അതിന്റെ സ്വാഭാവികതയിൽ ആസ്വദിക്കാൻ കഴിയുന്ന ടെന്റിങ് ആണ് ഗ്ലാമ്പിങ്.

സിപോഡ്സ് ഉപയോഗിച്ച് അഞ്ച് ദിവസം കൊണ്ട് ഗ്ലാമ്പിങ് ടെന്റുകൾ സജ്ജീകരിക്കാൻ കഴിയും. 300 ചതുരശ്ര അടി വിസ്തീർണമുള്ള സിപോഡ്സ് യൂനിറ്റിൽ ഒരു ബെഡ് റൂം, സിറ്റ്ഔട്ട് കം ഡൈനിംഗ് സ്പെയ്സ്, ശുചിമുറി, ലഗേജ് റൂം എന്നിവയാണ് ഉൾപ്പെടുന്നത്. ടൂറിസ്റ്റുകളുടെ അഭിരുചിക്കനുസരിച്ച് ഇന്റീരിയർ, വാതിലുകൾ, ഫ്ളോറിങ് തുടങ്ങിയ അകത്തള സൗകര്യങ്ങൾ പ്രത്യേകം സജ്ജീകരിക്കാനും കഴിയും. വിദേശങ്ങളിൽ സാഹസിക വിനോദത്തിന്റെ ഭാഗമെന്ന നിലയിൽ ഗ്ലാമ്പിങ് വളരെ പ്രശസ്തമാണ്. കേരളത്തിന്റെ ടൂറസം പശ്ചാത്തലവും ഗ്ലാമ്പിങ്ങിന് ഏറെ അനുയോജ്യമായതും ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതുമാണ്. ചെറിയ സ്ഥലസൗകര്യത്തിൽ ഒരു റിസോർട്ടിന്റെ വലിപ്പത്തിൽ, നാലിലൊന്ന് ചെലവിൽ ഗ്ലാമ്പിങ് ടെന്റുകൾ ഒരുക്കാൻ കഴിയുമെന്നും പ്രബിൽ എം ജെ പറയുന്നു. ടൂറിസം സംരംഭകർക്കിത് വലിയ അവസരമാണ് തുറന്നിടുന്നത്. ചെറിയ മുതൽ മുടക്കിൽ ഉയർന്ന വരുമാനം നേടാൻ ഇത് അവസരമൊരുക്കും. ക്യാമ്പർ അവതരിപ്പിക്കുന്ന സിപോഡ്സ് ഗ്ലാമ്പിങ് ടെന്റുകൾ ഏതു ഭൂപ്രദേശത്തിനും ഏതു കാലാവസ്ഥയ്ക്കും അനുയോജ്യമാണെന്നും അദ്ദേഹം പറഞ്ഞു. ഭൂമി ലഭ്യതയ്ക്കനുസരിച്ച് സംരംഭകർക്ക് കെട്ടിട നിർമ്മാണത്തിന്റെ നൂലാമാലകളൊന്നുമില്ലാതെ വിശാലമായ ഒരു റിസോർട്ട് തന്നെ ഒരു മാസത്തിനകം സിപോഡ്സ് ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയും. പ്രകൃതിക്ക് ദോഷം വരാത്ത നിർമ്മാണ രീതിയാണ്. ഈ ഗ്ലാമ്പിങ് ടെന്റുകൾ 15 വർഷം വരെ കേടുകൂടാതെ നിലനിൽക്കും. പരിപാലന ചെലവും വളരെ കുറവാണ്.

## ഗോദ്റെജ് പുതിയ കാർ ഫ്രഷ്നർ എയർ ഒ പുറത്തിറക്കി




**കൊച്ചി:** ഹോം ആൻഡ് കാർ ഫ്രാഗൻസ് രംഗത്തെ ഇന്ത്യയിലെ മുൻനിര ബ്രാൻഡായ ഗോദ്റെജ് എയർ, ഏറ്റവും പുതിയ കാർ ഫ്രഷ്നർ പുറത്തിക്കി.

എയർ ഒ എന്ന പേരിലുള്ള പുതിയ ഉത്പന്നം, നൂതനമായ ഗോദ്റെജ് എയർ ഒ-ജെൽ അടിസ്ഥാനമാക്കിയുള്ള ഹാങിങ് എയർ ഫ്രഷ്നറാണ്. കാർ ഉടമകൾക്ക് യാത്രയ്ക്കിടയിൽ പുതുമയും നവോൻമേഷവും നൽകുന്ന അതുല്യമായ ഉൽപ്പന്ന രൂപകൽപനയോടെയാണ് എയർ ഒ വരുന്നത്. ഇന്ത്യയിലെ ആദ്യത്തെ ബ്രാൻഡഡ് ഹാങിങ് കാർ എയർ ഫ്രഷ്നർ കൂടിയാണിത്. 99 രൂപയാണ് വില. ഇന്ത്യയിൽ കാർ ഉടമകളുടെ എണ്ണം വർധിക്കുന്ന പ്രവണത തുടരുകയാണ്. ഇതോടൊപ്പം രാജ്യത്തെ മുൻനിര എയർ ഫ്രഷ്നർ ബ്രാൻഡായ ഗോദ്റെജ് എയർ, കാർ ഫ്രാഗ്രൻസ് വിഭാഗത്തിലെ അപാരമായ സാധ്യതകൾ തിരിച്ചറിഞ്ഞിട്ടുമുണ്ട്. 70% കാറുടമകളും ഇപ്പോഴും കാർ ഫ്രഷ്നറുകളൊന്നും ഉപയോഗിക്കാത്തതിനാൽ ഈ വിഭാഗത്തിൽ വലിയ വളർച്ചയ്ക്കും സാധ്യതയുണ്ട്. താങ്ങാനാവുന്നതും എന്നാൽ മികച്ച നിലവാരമുള്ളതുമായ കാർ ഫ്രാഗൻസ് ഓപ്ഷന്റെ ആവശ്യകത തിരിച്ചറിഞ്ഞാണ് ഗോദ്റെജ് പുതിയ ഉത്പന്നം പുറത്തിറക്കിയത്.

മസ്ക് ആഫ്റ്റർ സ്മോക്, റോസ് ബ്ലോസം, കൂൾ അക്വാ എന്നിങ്ങനെ മൂന്ന് വേരിയന്റുകളിലാണ് ഗോദ്റെജ് എയർ ഒ വരുന്നത്. ഉപഭോക്തൃ അനുഭവങ്ങൾ പുനർനിർവചിക്കുന്നതിനുള്ള ഞങ്ങളുടെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഗോദ്റെജ് എയർ ഒ എന്ന് ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്ട്സ് ലിമിറ്റഡിന്റെ (ജിസിപിഎൽ) വിഭാഗത്തിലെ എയർ കെയർ ആൻഡ് ഹൈജീൻ ലീഡ് ശിവം സിംഗൽ പറഞ്ഞു. കാർ ഉടമസ്ഥതയുടെ ലാൻഡ്സ്കേപ്പ് വികസിക്കുമ്പോൾ, താങ്ങാനാവുന്നതും എന്നാൽ പ്രത്യേകവുമായ ഒരു കാർ എയർ ഫ്രഷ്നറിന്റെ ആവശ്യകത ഞങ്ങൾ തിരിച്ചറിയുന്നു. അത്തരത്തിലുള്ള ഒരു നൂതനമാണ് ഗോദ്റെജ് എയർ ഒ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ആഗോളതലത്തിൽ കാർ എയർ ഫ്രഷ്നറുകൾ കൂടുതലും ഹാങിങ് രൂപത്തിലാണ്, ഇന്ത്യയിലും ഈ ട്രെൻഡ് എത്തിയെന്ന് തോന്നുന്നതായി ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്ട്സ് ലിമിറ്റഡ് (ജിസിപിഎൽ) കാറ്റഗറി ഡയറക്ഷൻ ആൻഡ് ഡെവലപ്മെന്റ് വിഭാഗത്തിന്റെ ഗ്ലോബൽ ഹെഡ് കരൺ ബവാരി പറഞ്ഞു.



## എംആർസിഒജിപോസ്റ്റ് ഗ്രാജ്വേറ്റ് ട്രെയിനിങ് പ്രോഗ്രാമുമായി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** പ്രസവചികിത്സയിലും ഗൈനക്കോളജിയിലുമുള്ള ബിരുദാനന്തരബിരുദ ട്രെയിനിങ് പ്രോഗ്രാമായ എംആർസിഒജിക്ക് തുടക്കമിട്ട് ആസ്റ്റർ മെഡ്സിറ്റി. ലണ്ടനിലെ റോയൽ കോളേജ് ഓഫ് ഒബ്സ്റ്റട്രിഷ്യൻസ് ആൻഡ് ഗൈനെക്കോളജിസ്റ്റ്സ് പ്രസിഡന്റ് ഡോ. രണീ താക്കൂർ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. പ്രസവശുശ്രൂഷയിൽ പുതുതലമുറ പ്രൊഫഷണൽ ഡോക്ടർമാരെ വാർത്തെടുക്കുകയാണ് ലക്ഷ്യം. പ്രസവസമയത്ത് സ്വകാര്യഭാഗങ്ങളിലുണ്ടാകുന്ന മുറിവുകൾ ഹോർമോൺ വ്യതിയാനം, ഗർഭിണികളായ അമ്മമാർക്കും ഗർഭസ്ഥ ശിശുവിനും നൽകുന്ന വിവിധ മരുന്നുകൾ, സ്ത്രീകളിലെ അമിതമായ രക്തസ്രാവം എന്നിങ്ങനെ നാനാവിധ വിഷയങ്ങളിൽ പാനൽ ചർച്ചകളും നടന്നു.ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ, മെഡിക്കൽ അഫയേഴ്സ് ഡയറക്ടറും ഇന്റേർണൽ മെഡിസിൻ ലീഡ് കൺസൾട്ടന്റുമായ ഡോ. ഗീത ഫിലിപ്പ്സ്, ഗൈനക്കോളജി വിഭാഗം സീനിയർ കൺസൽട്ടന്റ് ഡോ. മായാദേവി കുറുപ്പ്, ലീഡ് കൺസൽട്ടന്റ് ഡോ. സറീന ഖാലിദ്, ഇന്റർനാഷണൽ ഫസിലിറ്റേറ്റർ ഡോ. ഉഷ ബി നായർ, അകഇഉ ഞഇഛഏ ഓൾ ഇന്ത്യ അധ്യക്ഷ ഡോ. ഉമ റാം, കൊച്ചിൻ സൊസൈറ്റിയുടെ പ്രസിഡന്റ് ഡോ. ഗ്രേസി തോമസ്, ഞഇഛഏ കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. അജിത് എസ്, എന്നിവർ പങ്കെടുത്തു.




# ഒക്ക്യുപ്പെഷണൽ തെറാപ്പിയിൽ എ.ഐ സാദ്ധ്യതകൾ തുറന്നിട്ട് ഓറ്റികോൺ 2024

**കൊച്ചി:** ഓൾ ഇന്ത്യ ഒക്ക്യുപ്പെഷണൽ തെറാപ്പിസ്റ്റ് അസോസിയേഷന്റെ അറുപത്തിയൊന്നാം വാർഷിക സമ്മേളനമായ ഓറ്റികോൺ 2024ൽ ഒക്ക്യുപ്പെഷണൽ തെറാപ്പി രംഗത്തെ ഏറ്റവും പുതിയ ട്രെൻഡുകളായ എ.ഐ അധിഷ്ഠിത ഒക്കുപ്പേഷണൽ തെറാപ്പി രീതികളുടെ ചർച്ച ശ്രദ്ധേയമായി. അക്കാദമിക് കൗൺസിൽ ഓഫ് ഒക്ക്യുപ്പെഷണൽ തെറാപ്പിയുടെ (അഇഛഠ) പ്രീകോൺഫറൻസ് കണ്ടിന്യൂയിങ് ഒക്ക്യുപ്പെഷണൽ തെറാപ്പി എഡ്യൂക്കേഷൻ (ഇഛഠള്ള) എറണാകുളം എംപി ഹൈബി ഈഡൻ ഉദ്ഘാടനം ചെയ്തു.അപകടങ്ങളിൽ പരിക്കേൽക്കുന്നവരെയും അവശരെയും സാധാരണ ജീവിതത്തിലേക്കും അവരുടെ ജോലിയിലേക്കും മടങ്ങിവരാൻ സഹായിക്കുന്ന സ്തുത്യർഹ സേവനമാണ് ഒക്ക്യുപ്പെഷണൽ തെറാപ്പിസ്റ്റുകൾ നിർവഹിക്കുന്നതെന്ന് ഹൈബി ഈഡൻ പറഞ്ഞു. പ്രായാധിക്യമുള്ളവരിൽ മാത്രമല്ല, ഓട്ടിസം സ്പെക്ട്രം ഡിസോർഡർ പോലെയുള്ള അവസ്ഥകളുള്ള കുട്ടികൾക്കും മസ്തിഷ്കാഘാതം, റോഡപകടങ്ങൾ എന്നിവയിലൂടെ കടന്നുപോയവർക്കും ഒരേപോലെ അനുഗ്രഹമാണ് ഒക്ക്യുപ്പെഷണൽ തെറാപ്പിയെന്നും അദ്ദേഹം പറഞ്ഞു. നാട് വികസിക്കുമ്പോൾ ഇത്തരം പരിമിതികളിലൂടെ കടന്നുപോകുന്നവരെക്കൂടി ചേർത്ത് പിടിച്ച്, അവർക്കാവശ്യമായ സൗകര്യങ്ങളും ഒരുക്കിനൽകണം. അതിന് ഒക്ക്യുപ്പെഷണൽ തെറാപ്പി ഒരു ജീവിതലക്ഷ്യമായി തെരെഞ്ഞെടുത്തവരെ അദ്ദേഹം അഭിനന്ദിച്ചു.

# പ്ലാന്റേഷൻ മേഖലയ്ക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തും: മന്ത്രി പി രാജീവ്




**കൊച്ചി:** സംസ്ഥാനത്തെ തോട്ട മേഖലയിൽ അഞ്ച് ശതമാനം മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള് അനുമതികൾ വേഗത്തിലാക്കാൻ ഏകജാലക സംവിധാനം ഏർപ്പെടുത്തുമെന്ന് വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. കൊച്ചിയിൽ വ്യവസായ വകുപ്പ് സംഘടിപ്പിച്ച രണ്ടാമത് പ്ലാൻറേഷൻ എക്സ്പോ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിലവിൽ തോട്ടം മേഖലയുടെ അഞ്ച് ശതമാനത്തിൽ മറ്റു പ്രവർത്തനങ്ങൾ അനുവദനീയമാണ്. ഇതിന് അനുമതി ലഭിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നുണ്ടെന്നത് വാസ്തവാണെന്ന് മന്ത്രി പറഞ്ഞു. ഇത് മറി കടക്കുന്നതിനായി പ്ലാൻറേഷൻ ഡയക്ടറേറ്റിൽ ഏകജാലക സംവിധാനം ഉടൻ രൂപീകരിക്കും. ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകൾ ചേർന്ന് ഉടനെ തന്നെ ഇതു സംബന്ധിച്ച ചർച്ചകൾ നടത്തും. അടുത്ത സാമ്പത്തികവർഷമാദ്യം ഏകജാലക സംവിധാനം നിലവിൽ വരുമെന്നും മന്ത്രി പറഞ്ഞു.പ്ലാൻറേഷൻ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ലയങ്ങളുടെ നവീകരണമാണ്. ഇത് തോട്ടം ഉടമകൾക്ക് വലിയ സാമ്പത്തികബാധ്യത വരുത്തുന്നവെന്ന യാഥാർത്ഥ്യം സർക്കാർ മനസിലാക്കുന്നു. ലയങ്ങളുടെ നവീകരണത്തിനായി എടുക്കുന്ന വായ്പയുടെ പലിശ പൂർണമായോ ഭാഗികമായോ സർക്കാർ വഹിക്കും. ഇതു സംബന്ധിച്ചുള്ള പ്ലാൻ തയ്യാറാക്കാൻ ഈ മാസം 25 ന് യോഗം വിളിക്കുമെന്നും മന്ത്രി പറഞ്ഞു. നിലവിൽ പല ഉത്പന്നങ്ങൾക്കും കേരള ബ്രാൻഡ് ഏർപ്പെടുത്തിയിട്ടുണ്ട്. തോട്ടം മേഖലയിലെ ഉത്പന്നങ്ങൾക്കും കേരള ബ്രാൻഡ് കൊണ്ടു വരുമെന്നും മന്ത്രി പറഞ്ഞു. പുതിയ പഴ വർഗങ്ങൾക്ക് വിപണിയിൽ വലിയ ഡിമാൻഡാണുള്ളത്. വയനാട്ടിൽ തുടങ്ങിയ കാർബൺ ന്യൂട്രൽ കോഫി പാർക്ക് പ്രത്യേക ബ്രാൻഡായി വിപണനം നടത്തും. എംഎസ്എംഇ മേഖലയിൽ കഴിഞ്ഞ ഒന്നേമുക്കാൽ വർഷത്തിൽ 2,10,000 സംരംഭങ്ങൾ ആരംഭിച്ചു. നാലരലക്ഷം തൊഴിലവസരങ്ങളാണ് ഇതു വഴി സൃഷ്ടിക്കപ്പെട്ടത്. നടപ്പു സാമ്പത്തിക വർഷത്തിൽ ഡിസംബർ വരെ 81,000 കോടി രൂപയാണ് വിവിധ ബാങ്കുകൾ എംഎസ്എംഇ സംരംഭങ്ങൾ തുടങ്ങാൻ വായ്പ നൽകിയതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എറണാകുളം എംഎൽഎ ടി ജെ വിനോദ് അധ്യക്ഷനായ ഉദ്ഘാടന ചടങ്ങിൽ മേയർ എം അനിൽകുമാർ, സ്പൈസസ് ബോർഡ് സെക്രട്ടറി ഡി സത്യൻ, കോഫി ബോർഡ് ഡെ. ഡയറക്ടർ ഡോ. കറുത്തമണി, ടീ ബോർഡ് ഡെ. ഡയറക്ടർ ഫാൽഗുനി ബാനർജി, റബർ ബോർഡ് പ്രതിനിധി മുഹമ്മദ് സാദിഖ്, ഉപാസി പ്രതിനിധി സി ശ്രീധരൻ, തോട്ടം ഉടമ പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു.

# ദേശീയ ബദാം ദിനം: ക്യാമ്പയിനുമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ

**കൊച്ചി:** ജനുവരി 23ന് ദേശീയ ബദാം ദിനം ആഘോഷിക്കുന്നതിന്റെ ഭാഗമായി ക്യാമ്പയിനുമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ.




ബദാം കഴിക്കുന്നതിന്റെ വൈവിധ്യമാർന്ന ആരോഗ്യ ഗുണങ്ങളെ കുറിച്ച് അവബോധം വളർത്തുകയും, ദൈനംദിന ഭക്ഷണത്തിൽ ഒരു പിടി ബദാം ഉൾപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം അടിവരയിടുകയും ചെയ്യുക എന്നതാണ് ദേശീയ ബദാം ദിനാഘോഷത്തിന്റെ ലക്ഷ്യം. 23 ബദാം പ്രതിദിനം കഴിക്കാൻ ശുപാർശ ചെയ്തും, ഇതിലൂടെ ബദാം വാഗ്ദാനം ചെയ്യുന്ന നിരവധി ആരോഗ്യ ഗുണങ്ങളും ഊന്നിപ്പറഞ്ഞുമുള്ള ക്യാമ്പയിനിലൂടെയാണ് ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ ബദാം ദിനം ആഘോഷിക്കുന്നത്. ബദാം ദൈനംദിന ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതിന്റെ ആരോഗ്യ ഗുണങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് ആരോഗ്യ വിദഗ്ധരും ഇൻഫൽവേഴ്സമായുള്ള സഹകരണവും ക്യാമ്പയിനിൽ ഉൾപ്പെടുന്നു. പ്രമേഹ നിയന്ത്രണം, ചർമത്തിന്റെ ആരോഗ്യം, ഹൃദയാരോഗ്യം, പേശി വീണ്ടെടുക്കൽ, ശരീരഭാരം നിയന്ത്രിക്കൽ, കുടലിന്റെ ആരോഗ്യം തുടങ്ങിയവക്ക് ഏറെ ഗുണകരമാണ് ബദാമെന്ന് ക്യാമ്പയിൻ ഊന്നിപ്പറയുന്നു. ബദാമിന്റെ ആരോഗ്യം, പോഷകാഹാരം, ക്ഷേമം എന്നിവയെക്കുറിച്ചുള്ള ഉൾക്കാഴ്ച്ചകളും നുറുങ്ങുകളും വിവരങ്ങളും പങ്കിടുക എന്നതാണ് ദേശീയ ബദാം ദിന ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്.

ദൈനംദിന ദിനചര്യകളുടെ മൂല്യവത്തായതും പോഷകപ്രദവുമായ ഘടകമായി ബദാമിനെ സംയോജിപ്പിക്കാൻ, വ്യക്തികളെ ബോധവത്കരിക്കാനും പ്രചോദിപ്പിക്കാനും ഈ ക്യാമ്പയിൻ ലക്ഷ്യമിടുന്നു. എന്റെ ദിനചര്യയിൽ ഒരു പിടി ബദാം ഉൾപ്പെടുത്തുന്നത് വ്യക്തിപരമായ ആരോഗ്യപരമായ തിരഞ്ഞെടുപ്പല്ലെന്നും, അത് എന്റെ കുടുംബത്തിന്റെ ക്ഷേമത്തിനായുള്ള പ്രതിബദ്ധതയാണെന്നും ദേശീയ ബദാം ദിനത്തോടനുബന്ധിച്ച് സംസാരിക്കവേ നടി സോഹ അലി ഖാൻ പറഞ്ഞു.

ബദാമിന് ചർമസംരക്ഷണ ദിനചര്യ ഗണ്യമായി വർധിപ്പിക്കാൻ കഴിയുമെന്ന് ചർമ വിദഗ്ധയും കോസ്മെറ്റോളജിസ്റ്റുമായ ഡോ.ഗീതിക മിത്തൽ പറഞ്ഞു. വിറ്റാമിൻ ഇയുടെ ഉറവിടമായി വർത്തിക്കുന്ന ബദാം, അൾട്രാവയലറ്റ് രശ്മികളിൽ നിന്നും മലിനീകരണത്തിൽ നിന്നും ചർമത്തെ സംരക്ഷിക്കുകയും ചെയ്യും.

